(ബി) ശ്രീകണ്ഠപുരം സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

ഉത്തരം

(എ) കണ്ണൂർ, കാസർകോട് ജില്ലകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്മിഷൻ ലൈനുകളും സബ് സ്റ്റേഷനുകളും നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഈ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടും.

(ബി) ശ്രീകണ്ഠപുരം സബ്സ്റ്റേഷനുവേണ്ടി പൊന്നും വിലയ്ക്കെടുക്കുവാനുദ്ദേശിച്ചിരുന്ന സ്ഥലം ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ മുൻകൂറായിതന്നെ അധീനതയിൽ എടുത്തിട്ടുണ്ട്. സബ്സ്റ്റേഷനിലേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനും പ്രാഥമിക ജോലികൾ ഏറ്റെടുക്കുവാനുമുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

കുറ്റനാട് ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ

121. [173] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പുതുതായി എത്ര ഇലക്ട്രിക് സബ് സ്റ്റേഷൻ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത് ;

(ബി) പാലക്കാട് ജില്ലയിൽപ്പെട്ട കുറ്റനാട് ഒരു ഇലക്ട്രിക് സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനു ആവശ്യമായ ഭൂമി പൊന്നും വിലയ്ക്കെടുത്ത് വർഷങ്ങൾ ഏറെയായെങ്കിലും പണി ആരംഭിക്കുവാൻ ഉള്ള കാലതാമസങ്ങളെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 16 എണ്ണം.

(ബി) പാലക്കാട് ജില്ലയിൽ കുറ്റനാട് സബ് സ്റ്റേഷനുവേണ്ടി ഭൂമി പൊന്നും വിലയ്ക്കെടുത്തിട്ട് ഉദ്ദേശം രണ്ടു വർഷങ്ങളായി. പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നിർമ്മാണ ജോലികൾക്കുള്ള ടെൻഡറുകളിലെ അമിതമായ നിരക്കുകൾ നിമിത്തം കരാറുകൾ ഉറപ്പിക്കാൻ കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ കരാറുറപ്പിച്ചു, പണികൾ ഉടനെ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

എസ്. എൽ. പുരം സബ്സ്റ്റേഷൻ പരിധിയിലെ വൈദ്യുതി വിതരണത്തിലെ തകരാറുകൾ

122. [174] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ എസ്. എൽ. പുരം സബ്സ്റ്റേഷൻ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിൽ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly